# കേരളസർവകലാശാല

നം.പി.ആർ.106 (a)/2023

## പത്രക്കുറിപ്പ്

### പുസ്തക പ്രകാശനം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് മേധാവിയും കേരള സർവകലാശാല ആർട്സ് വിഭാഗം ഡീനുമായ പ്രൊഫ. ഡോ. മീന റ്റി. പിള്ള രചിച്ച 'അഫെക്ടീവ് ഫെമിനിസംസ് ഇൻ ഡിജിറ്റൽ ഇന്ത്യ ഇന്റിമെറ്റ് റിബൽസ്' എന്ന പുസ്തകം 2023 മെയ് 31 ബുധനാഴ്ച്ച രാവിലെ 11 ന് പാളയത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ വച്ച് ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രിയും സർവകലാശാല പ്രോ–ചാൻസലറുമായ ഡോ. ആർ. ബിന്ദു പ്രകാശനം ചെയ്യുന്നതാണ്. ഡിജിറ്റൽ കാലത്തിലെ സ്ത്രീ പക്ഷ പ്രതിരോധത്തിന്റെ നേർചിത്രങ്ങളായ സമീപകാല യാഥാർത്ഥ്യങ്ങളെ അനേക സ്ത്രീ പക്ഷ പ്രവർത്തനങ്ങളുടെ ഈ രേഖപ്പെടുത്തൽ പ്രശസ്ത പുസ്തക പ്രസാധകരായ റൗട്‌ലഡ്ജാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. കാലടി സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. എം. വി. നാരായണൻ പുസ്തകം ഏറ്റുവാങ്ങി പ്രഭാഷണം നടത്തും. സ്ത്രീപക്ഷ മാധ്യമ പ്രവർത്തകയും മുൻ പി.എസ്.സി. അംഗവുമായ ആർ. പാർവതി ദേവി പുസ്തകത്തെ പരിചയപ്പെടുത്തും. കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ അദ്ധ്യക്ഷനാവുന്ന യോഗത്തിൽ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ. എച്ച്. ബാബുജാൻ, ഡോ. എസ്. നസീബ്, സീനിയർ പ്രൊഫസറും യു.ജി.സി.എച്ച്.ആർ.ഡി.സി. മേധാവിയുമായ ഡോ. പി. പി. അജയകുമാർ എന്നിവർ പ്രസംഗിക്കും. 2023 ഇൻസ്റ്റിറ്റ്യൂട്ടിന്റെ 60–ാം വർഷം കൂടെയാണ്.

**തിരുവനന്തപുരം**
**30.05.2023**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**